പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1091. 20.1.2014- ൽ

മറുപടിക്ക്

സീക്ക് -13 പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ .<br>ശ്രീ.റ്റി.എൻ.പ്രതാപൻ.<br>ശ്രീ.പാലോട് രവി.<br>ശ്രീ.പി.എ.മാധവൻ. | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സീക്ക് -13 പദ്ധതിയ്ക്ക് തുടക്കമിട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) അഡിഷണൽ സ്കിൽ അക്വിസിഷൻ പദ്ധതിയിൽ കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ കണ്ടെത്തുന്നതിനായി സംഘടിപ്പിച്ച ഒരു ബിസിനസ് മീറ്റിംഗ് ആയിരുന്നു സീക്ക്-2013. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിയ്ക്കാനുദ്ദേശിക്കുന്നത്. വിശദാംശങ്ങൾ എന്തെല്ലാം ;<br><br>സി) കൂടുതൽ തൊഴിലധിഷ്ഠിതവിദ്യാഭ്യാസ മേഖലകൾ കണ്ടെത്തുന്നതിനുള്ള സംരംഭത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | ബി) യും സി) യും താഴെപ്പറയുന്ന ഉദ്ദേശ്യലക്ഷ്യങ്ങളാണ് സീക്ക്-13 ലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്.<br>1. അസാപ്പിനു കീഴിൽ വിവിധങ്ങളായ മേഖലകളിൽ നൂതനവും വ്യവസായങ്ങൾക്കാവശ്യവുമായ പുതിയ കോഴ്സുകൾ കണ്ടെത്തുക.<br>2. അസാപ്പ്, പരിശീലന സേവന ദാതാക്കളും ( TSP) , വ്യവസായികളും സെക്ടർ സ്കിൽ കൗൺസിലുകളും തമ്മിൽ ശക്തമായ ഒരു ബന്ധം കെട്ടിപ്പടുക്കുകയും അത് ഉപയോഗപ്പെടുത്തി |

|  |  |
|---|---|
|  | ആവശ്യത്തിനനുസരിച്ച് വിദഗ്ധരെ സൃഷ്ടിക്കുന്നതിനുള്ള സാഹചര്യം സംജാതമാക്കുക.<br>3. വിദ്യാഭ്യാസ രംഗത്ത് രാജ്യത്ത് തന്നെ അസാപ്പ് പദ്ധതിയ്ക്ക് പ്രചാരം നൽകുക.<br><br>മേൽ ലക്ഷ്യങ്ങൾ കൈവരിക്കാനായി എൻ.എസ്.ഡി.സി, വിവിധ സെക്ടർ സ്കിൽ കൗൺസിലുകൾ, TSP കൾ വ്യവസായികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി 2013 നവംബർ 5,6 തീയതികളിൽ വിപുലവും സമഗ്രവുമായ ചർച്ചകൾക്കും സെമിനാറുകൾക്കും വേദികൾ ഒരുക്കുകയും അവയിൽ നിന്നുരുത്തിരിഞ്ഞ തീരുമാനങ്ങൾക്കനുസൃതമായി നടപടികൾക്ക് പദ്ധതി തയ്യാറാക്കുന്ന പ്രക്രിയകളും നടന്നുവരുന്നു. |
| ഡി) ഏതെല്ലാം തരം വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) ഹയർസെക്കന്ററി, ആർട്സ് & സയൻസ് കോളേജ് തലങ്ങളിലെ വിദ്യാർത്ഥികൾക്കാണ് ഈ പദ്ധതി കൊണ്ട് ഗുണം ലഭിയ്ക്കുന്നത്. |

സെക്ഷൻ ഓഫീസർ